# 2025–26

# അക്കാദമിക് മാസ്റ്റർ പ്ലാൻ





## പി പി ടി എസ് എ എൽ പി സ്കൂൾ

കാഞ്ഞങ്ങാട് കടപ്പുറം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

## മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കികൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ , അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- സർഗ്ഗശേഷികൾ കൈവരിക്കുന്നു
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു
- പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു
- സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ➢ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ<br>➢ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ<br>➢ വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ<br>➢ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു<br>➢ പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു<br>➢ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു<br>➢ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു<br>➢ ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു, വാചികമായി പറയാനും അവസരം നൽകുന്നു | ജൂലൈ | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ➢ വായനോത്സവം സംഘടിപ്പിക്കുന്നു<br>➢ ആസ്വാദ്യകരമായ വായന നടത്തുന്നു<br>➢ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു<br>➢ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു<br>➢ ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാകുന്നു<br>➢ കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.<br>➢ ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ➢ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയി താക്കൾ ആകുന്നു<br>➢ കൂട്ടവായന, നാട്ടുവായന, വീട്ടുവാ യന, ചിത്രവായന ഇവയെ പ്രോത്സാ ഹിപ്പിക്കൽ<br>➢ വായനോത്സവം തുടങ്ങുന്നു<br>➢ രചനോത്സവം തുടങ്ങുന്നു<br>➢ പത്രവായനയ്ക്ക് അവസരം ഒരുക്കൽ<br>➢ താളാത്മകമായി കവിതകൾ ചൊല്ലൽ | നവംബർ | ക്ലാസ്സ് ടീച്ചർ |
| ➢ സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു<br>➢ ചിത്ര വായന നടത്തുന്നു<br>➢ ചെറിയ വായന കാർഡുകൾ, ബാല സാഹിത്യ കൃതികൾ എന്നിവ ഉപ യോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു | | |

വിലയിരുത്തൽ , പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനകാർഡുകളായി മാറ്റിയിട്ടുണ്ട്
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാകുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്

# Academic Master Plan

## STD 1

## ENGLISH

**Objectives and learning outcomes.**

- Respond to simple instructions in the classroom.
- Describe orally about the pictures and objects
- Familiarize with simple words
- Enjoy songs and  sings them with Rhythm and action
- Familiarise the names of birds, animals, their young ones and identifies them from pictures.
- Familiarise the names of birds, animals, their young ones and identifies them from pictures

| Activity | Month | Charges |
| --- | --- | --- |
| ➢ Introduce symbol words<br>➢ Provides picture cards | June | Class Teacher |
| ➢ Identify Familiar words<br>➢ Say familiar words<br>➢ Read Familiar words<br>➢ Write familiar words | July | Class Teacher |

| Activity | Month | Charges |
| --- | --- | --- |
| ➢ Enjoy songs and sings them with Rhythm and action<br>➢ Describes orally about pictures and objects using adjectives | August | Class Teacher |
| ➢ Read and write simple words and simple sentences<br>➢ Provides picture cards and reading cards | September | Class teacher |

| Activity | Month | Charges |
|---|---|---|
| ➢ Introduce symbol picture descriptions<br>➢ Make word chain, sentence chain<br>➢ Make riddles<br>➢ Describing words, rhyming words<br>➢ Text Book activities | October | Class teacher |
| ➢ Prepare reading cards<br>➢ Provide more opportunities to read, right and speak English<br>➢ Writes five English words daily | November | Class Teacher |

| Activity | Month | Charges |
| --- | --- | --- |
| ➢ Read and understand simple instructions in the classroom<br>➢ Encourage digital reading | December | Class Teacher |
| ➢ Enjoy songs and sings them with Rhythm and action<br>➢ Make picture Albums<br>➢ Collect pictures of animals and its young ones | January | Class Teacher |

| Activity | Month | Charges |
|---|---|---|
| ➢ Provide the opportunity to express myself in the classroom<br>➢ English assembly onces in a week | February | Class Teacher |
| ➢ Speaks English fluently<br>➢ Read and write simple sentences<br>➢ Picture reading and picture description | March | Class Teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

# പരിസര പഠനം

പഠനലക്ഷ്യം

- പ്രകൃതിയെ അറിയാൻ
- നിരീക്ഷണം

| പ്രവർത്തനം | ചുമതല | കാലയളവ് |
| --- | --- | --- |
| ➢ മരം വരയ്ക്കാം<br>➢ പരിസ്ഥിതി ദിനത്തിൽ ഒരു തൈ നടാം എന്ന കവിത കേൾപ്പിക്കുന്നു<br>➢ ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുന്നു<br>➢ വീട്ടിൽ ഒരു തൈ നടുന്നു<br>➢ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു | ക്ലാസ്സ് ടീച്ചർ | ജൂൺ |
| ➢ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ട തൈ പരിപാലിച്ച് അവ സംരക്ഷിപ്പിച്ച് പ്രകൃതി സംരക്ഷണത്തിനായുള്ള തിരിച്ചറിവ് നൽകൽ<br>➢ വീഡിയോ പ്രദർശനം | ക്ലാസ് ടീച്ചർ | ജൂൺ - ജൂലൈ |

പഠനലക്ഷ്യം

- നമുക്ക് ചുറ്റും പലതരത്തിലുള്ള പൂക്കളും പഴങ്ങളും ഉണ്ട്

| പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|
| ➢ പരിസര നടത്തം<br>➢ പൂക്കളെയും പഴങ്ങളെയും നിരീക്ഷിച്ച് തിരിച്ചറിയൽ<br>➢ ആൽബം തയ്യാറാക്കൽ | ക്ലാസ്സ് ടീച്ചർ | ആഗസ്ത് |

പഠനലക്ഷ്യം

- നല്ല ആരോഗ്യ ശീലങ്ങൾ പാലിക്കൽ
- സസ്യത്തിന് വിവിധ ഭാഗങ്ങളുണ്ട്

| പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|
| ➢ വ്യക്തിശുചിത്വ ചാർട്ട്<br>➢ നല്ല ആരോഗ്യ ശീലങ്ങൾ ഗുണങ്ങളും, ദോഷങ്ങളും - ബോധവൽക്കരണം<br>➢ വിത്ത് മുളപ്പിക്കൽ<br>➢ ചാർട്ട് | ക്ലാസ് ടീച്ചർ | ഡിസംബർ |

| | | |
|---|---|---|
| പ്രകൃതിയെ അറിയുന്നതിനും, ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം നിരീക്ഷണം<br>പരീക്ഷണം, താരതമ്യം, തരംതിരിക്കൽ, തൂവൽ ശേഖരണം | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി |
| നമുക്ക് ചുറ്റും പലതരത്തിലുള്ള പൂക്കളും പഴങ്ങളും ഉണ്ട് | പരിസര നടത്തം<br>ഫീൽഡ് ട്രിപ്പ്<br>പൂക്കളെയും പഴങ്ങളെയും തിരിച്ചറിയൽ<br>ആൽബം തയ്യാറാക്കൽ | ആഗസ്ത് |
| നല്ല ആരോഗ്യ ശീലങ്ങൾ പാലിക്കൽ<br>സസ്യത്തിന് വിവിധ ഭാഗങ്ങളുണ്ട് | വ്യക്തി ശുചിത്വം ചാർട്ട്<br>നല്ല ആരോഗ്യ ശീലങ്ങൾ ചാർട്ട്<br>വിത്ത് മുളപ്പിക്കൽ<br>ചാർട്ട് | ഡിസംബർ |
| വ്യത്യസ്ത രീതിയിലുള്ള സഞ്ചാര മാർഗ്ഗങ്ങളുണ്ട് | വിവിധതരം വാഹനങ്ങൾ പരിചയപ്പെടൽ<br>വീഡിയോ പ്രദർശനം | ഫെബ്രുവരി |
| പൊതു സ്ഥാപനങ്ങൾ | ഫീൽഡ് ട്രിപ്പ്, പൊതുസ്ഥാപനങ്ങൾ | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## ഗണിതം

**ലക്ഷ്യങ്ങൾ**

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരൊക്കെ സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

| പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- |
| ➢ സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു<br>➢ സംഖ്യാകാർഡ് നിർമ്മിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ |
| ➢ ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു<br>➢ സംഖ്യാ കാർഡ് തയ്യാറാക്കുന്നു | ജൂലൈ | |
| ➢ ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു<br>➢ കൂടുതൽ, കുറവ് തിരിച്ചറിയുന്നു<br>➢ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിട്ട് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഓഗസ്റ്റ് | |

| പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- |
| ➢ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>➢ ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>➢ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ<br>➢ ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്<br>➢ സംഖ്യാ ഗാനങ്ങൾ ആലപിക്കൽ | സെപ്റ്റംബർ | |
| ➢ ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ<br>➢ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്<br>➢ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br>➢ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | ഒക്ടോബർ | |
| ➢ സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു<br>➢ ഒരക്കസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | നവംബർ | |

| പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- |
| ➤ സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ<br>➤ ഗണിത ആൽബം തയ്യാറാക്കൽ | ഡിസംബർ | |
| ➤ ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>➤ സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു<br>➤ ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു | ജനുവരി | |
| ➤ ഗണിത ആൽബം പിടിഎ യിൽ പ്രദർശിപ്പിക്കുന്നു<br>➤ വില വിവരപട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഫെബ്രുവരി | |
| ➤ ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു<br>➤ ലളിതമായ ഗണിതക്രിയകൾ ഏർപ്പെടുന്നു<br>➤ ഉല്ലാസഗണിതം പ്രവർത്തനങ്ങൾ<br>➤ സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു | മാർച്ച് | |

## ആമുഖം

ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന എല്ലാ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

## ഭാഷ

### ആമുഖം

ഒന്നാം ക്ലാസിൽ നിന്നും രണ്ടാം ക്ലാസിലേക്ക് എത്തിയ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ ഒരു വർഷം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടപ്പിലാക്കുന്ന പരിപാടികൾക്ക് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും മുന്നിൽ കണ്ടു കൊണ്ടുള്ള പ്രവർത്തന പദ്ധതികൾ ആണ് ആസൂത്രണം ചെയ്യേണ്ടത്. ഭാഷാപരവും സർഗാത്മകവുമായ ശേഷികൾ മെച്ചപ്പെടുത്തി എല്ലാ കുട്ടികളെയും പഠനത്തിന്റെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക എന്നുള്ളതാണ് പ്രധാനം. ഒന്നാംതരത്തിൽ വിവിധ ആശയങ്ങളും നിരവധി പദങ്ങളും പരിചയപ്പെട്ട കുട്ടിക്ക് രണ്ടാംതരത്തിൽ എത്തുമ്പോൾ സ്വതന്ത്ര വായനക്കാരും ലേഖന പ്രവർത്തനത്തിൽ ഏർപ്പെടുന്നവരുമായി മാറേണ്ടതുണ്ട്. അതുകൊണ്ടുതന്നെ വൈവിധ്യമുള്ള പഠനാനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്.

2024-25 വർഷത്തിൽ കുട്ടികൾ നേടിയ പ്രവർത്തനങ്ങളുടെ അനുപൂരകമായ പ്രവർത്തനങ്ങളാണ് ഈ വർഷം മുതൽ നൽകേണ്ടത്. ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, എന്നിവയിൽ കുട്ടിയുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. വ്യത്യസ്ത പഠനനിലവാരമുള്ള കുട്ടികളെ കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ സി.പി.ടി.എ. യിൽ ചർച്ചചെയ്യുന്നു. എല്ലാ മാസവും കുട്ടിക്ക് വേണ്ട പിന്തുണ ലഭിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

## പഠന പ്രവർത്തന ലക്ഷ്യങ്ങൾ

- ഭാഷ കേളികളിൽ ഏർപ്പെടൽ
- മികച്ച വായനാശീലം വളർത്തുന്നതിന്
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.
- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടൽ.
- ഭാഷയുമായി ബന്ധപ്പെട്ട് ഐ.സി.ടി. സാധ്യത ഉറപ്പാക്കൽ.

- താളം മനസ്സിലാക്കി പാഠ ഭാഗത്തിലുള്ളതും, മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാനാത്മകമായി അവതരിപ്പിക്കൽ
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടൽ
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നതിന്
- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ സാധ്യമാക്കൽ.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കാനുള്ള കഴിവ് നേടൽ
- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകവുമായി അവതരിപ്പിക്കുന്നു. | <u>ഭാഷാ കളരി</u><br>• പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br>• വായന സാമഗ്രികൾ നിർമ്മാണം | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>MTPA, PTA | PTA |
| | <u>അമ്മ പറയട്ടെ</u><br>• മാസത്തിലൊരിക്കൽ ആഴ്ചയിൽ അമ്മമാർ കുട്ടികൾക്ക് കഥ പറഞ്ഞു കൊടുക്കൽ. | ജൂൺ ജനുവരി | ക്ലാസ് ടീച്ചർ<br>MPTA | |
| • ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. | <u>വായനാ മധുരം</u><br>• കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| • രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നു. | • ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട് ) | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| • ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു. | <u>കുഞ്ഞുണ്ണി പരിചയം</u><br>• കുഞ്ഞുണ്ണി മാഷിനെയും, കവിതകളെയും പരിചയപ്പെടൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| • ഭാഷ കേളികളിൽ ഏർപ്പെടുന്നു | <u>കടങ്കഥ പയറ്റ്</u><br>• കുട്ടികളെ ഗ്രൂപ്പുകൾ ആക്കുന്നു.<br>• കടങ്കഥ പയറ്റ് മത്സരം നടത്തുന്നു. | ജൂൺ -മാർച്ച് | | |

| | | | | |
|---|---|---|---|---|
| • മികച്ച വായനാശീലം വളർത്തുക | **എന്റെ പിറന്നാൾ പുസ്തകം**<br>• എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു.<br>• പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ -മാർച്ച് | സ്കൂൾ ലൈബ്രേറിയൻ<br>ക്ലാസ് ടീച്ചർ | MTPA, CPTA |
| • കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.<br>• എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റൽ | **പുസ്തകം എന്റെ ചങ്ങാതി**<br>• ആഴ്ചയിൽ കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യുന്നു.<br>• രേഖപ്പെടുത്തുന്നു<br>• വായന കുറിപ്പിലേക്ക്<br>• വായനോത്സവം | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലാസ് ലീഡർ | |
| • സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നതിന്<br>• സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടൽ | **സംയുക്ത ഡയറി**<br>• സിപിടിഎയിൽ ഡയറി പരിചയപ്പെടുത്തുന്നു.<br>• രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കാൻ.<br>• എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>• മികച്ചവ തിരഞ്ഞെടുക്കുന്നു. | ജൂൺ - ജനുവരി | | |

| | | | | |
|---|---|---|---|---|
| • താളം മനസ്സിലാക്കി പാഠഭാഗത്തുള്ളതും, മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കൽ.<br>• താളം ഈണം, ഭാവം , ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കൽ | **പാട്ടരങ്ങ് (സർഗ്ഗമേള)**<br>• കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കുന്നു.<br>• ബാലസഭയിൽ എല്ലാ മാസവും കുടടികൾ ആസ്വദിക്കുന്ന പാട്ടുകൾ അവതരിപ്പിക്കൽ.<br>**എന്റെ വരികൾ**<br>• പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വരികൾ കൂട്ടിച്ചേർക്കൽ | ഓഗസ്ത്- മാർച്ച് | ക്ലാസ് ടീച്ചർ ക്ലബ്ബ് അംഗങ്ങൾ | |
| • രണ്ടാം ക്ലാസിൽ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടൽ<br>• കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നതിന് | **സചിത്ര പുസ്തകം**<br>• കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.<br>• സി.പി.ടി.യിൽ വിലയിരുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| • ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ സാധ്യമാക്കൽ.<br>• ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.<br>• എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.<br>• കൃത്യമായ ഇടവേളകളിൽ ക്ലാസതല രചനാ പ്രവർത്ത | **കുഞ്ഞുപത്രം**<br>• സി.പി.ടി.എ യിൽ പദ്ധതി അവതരിപ്പിക്കുന്നു.<br>• ഓരോ മാസത്തിലെയും മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പത്രം തയ്യാറാക്കുന്നു.<br>**രചനോത്സവം**<br>• സി.പി.ടി.എ. യിൽ അവതരണം<br>• വാട്സാപ്പ് ഗ്രൂപ്പുകളിൽ ടീച്ചർ കഥയ്ക്കനുയോജ്യമായ ചിത്രങ്ങൾ അയക്കുന്നു. | ജൂൺ - മാർച്ച്<br><br>ജൂൺ - | ക്ലാസ് ടീച്ചർ എസ്.ആർ.ജി<br>സി.പി.ടി.എ<br><br>ക്ലാസ് ടീച്ചർ | സി.പി. ടി.എ |

# ഗണിതം

## ആമുഖം

പൊതുവേ കുട്ടികൾക്ക് ഗണിതം പ്രയാസമാണ്. അത് ലളിതവും ആയാസകരവും ആക്കി മാറ്റി ഗണിതം മധുരമാക്കാൻ വിവിധ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. 2025– 26 അധ്യയന വർഷത്തിൽ രണ്ടാംതരത്തിലെ എല്ലാ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാ ഉറപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നു.

നമ്മുടെ നിത്യജീവിതത്തിൽ ഗണിതത്തിന് വളരെയധികം പ്രാധാന്യമുണ്ട്. സംഖ്യാബോധത്തിലൂടെയും ചതുഷ്ക്രിയകളിലൂടെയും ഗണിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് ജീവിതം സുഗമമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. രണ്ടാം തരത്തിലെ കുട്ടികളെയാണ് ഉദ്ദേശിക്കുന്നത്. രണ്ടാംതരത്തിലെ കുട്ടികളുടെ പഠന നേട്ടത്തിൽ ഏറ്റവും പ്രധാനമായി നേടിയെടുക്കേണ്ടത് ഗണിതശേഷികൾ ആണെന്നതിൽ സംശയമില്ല.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ (ദ്വിമാന ത്രിമന) തിരിച്ചറിയുക.
- രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.
- നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു. 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു. 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുവായ പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ട് പരിഹാരം കണ്ടെത്തുന്നു. നോട്ടുകളും, നാണയങ്ങളും നിത്യജീവിതത്തിൽ ഇവയുടെ ആവശ്യകത ബോധ്യപ്പെടുന്നു. 100 രൂപ ചില്ലറയാക്കുന്നു എത്ര പത്തിന്റെ നോട്ടുകൾ വേണ്ടിവരും എന്ന് കണ്ടെത്തുന്നു.

- 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ വിശകലനം മനക്കണക്കാക്കി ചെയ്യുക. തുക 200 താഴെ വരുന്നതും രണ്ടക്കസംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- സംഖ്യാബോധനവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- വിശകലന പട്ടികകൾ തയ്യാറാക്കുകയും അതിലെ വിവരങ്ങൾ ക്രോഡീകരിക്കുകയും പട്ടികയിൽ നിന്ന് ആവശ്യമായ വിവരങ്ങൾ കണ്ടെത്തി സങ്കലന -വ്യവകലന ക്രിയകൾ ഉപയോഗിച്ച് ദൈനംദിന ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് നേടുന്നു.
- കലണ്ടറിലെ സംഖ്യാ ബന്ധങ്ങളും പാറ്റേണുകളും തിരിച്ചറിഞ്ഞ് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ പ്രാപ്തരാക്കുന്നു
- കളികളിലൂടെയും ആലാപനത്തിലൂടെയും ഗണിത പഠനം രസകരവും ഫലപ്രദവും ആകുന്നു.

| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ (ദ്വിമാന ത്രിമാന) തിരിച്ചറിയുക. രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക. വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക. | **ഗണിത രൂപങ്ങൾ തിരിച്ചറിയാം**<br>• ക്ലാസിൽ ലഭ്യമായതും ചുറ്റുപാടുമുള്ള വിവിധ വസ്തുക്കൾ കാണിക്കുകയും അവയുടെ രൂപങ്ങൾ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. ദ്വിമാന ത്രിമാന രൂപങ്ങൾ തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു. വിവിധ രൂപങ്ങൾ വരച്ച് അവയ്ക്ക് നിറം നൽകി ആവർത്തിച്ച് പാറ്റേണുകൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നു. അടിസ്ഥാന രൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |
| • നിത്യജീവിതവുമായി ബന്ധപ്പെട്ട 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു. 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | **സംഖ്യകൾ പഠിക്കാം കളികളിലൂടെ ഗണിതകേളി**<br>നിത്യജീവിതത്തിലെ സാഹചര്യങ്ങൾ (ഉദാ:- ക്ലാസിലെ കുട്ടികളുടെ എണ്ണം, കൈവിരലുകളുടെ എണ്ണം, കളിപ്പാട്ടങ്ങളുടെ എണ്ണം) ഉപയോഗിച്ച് സംഖ്യകൾ പരിചയപ്പെടുത്തുന്നു. സംഖ്യാ കാർഡുകൾ, എണ്ണൽ ഗെയിമുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാ ബന്ധങ്ങൾ പഠിപ്പിക്കുന്നു. ലളിതമായ ഗണിത പ്രശ്നങ്ങൾ (കൂട്ടിച്ചേർക്കൽ, കുറയ്ക്കൽ) | ജൂലൈ | ക്ലാസ് ടീച്ചർ<br><br>സി.പി.ടി.എ | |

| | | | | |
|---|---|---|---|---|
| | നിത്യജീവിത സാഹചര്യങ്ങളിൽ ഉൾപ്പെടുത്തി നൽകുന്നു. 1 മുതൽ 50 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും പരിശീ ലനം നൽകുന്നു. സംഖ്യാ കാർഡുകൾ ഉപയോഗിച്ച് സംഖ്യ കൾ രൂപീകരിക്കാൻ പ്രേരിപ്പിക്കുന്നു. | | | |
| • നിത്യജീവിതവുമായി ബന്ധപ്പെട്ട 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു. 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | <u>സംഖ്യാ ലോകത്തേക്ക്</u><br>• 50ൽ കൂടുതൽ സംഖ്യകൾ (51-200 വരെ) എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. സംഖ്യാ ശ്രേണികൾ പൂർത്തിയാക്കാനും വലിയ സംഖ്യകളിൽ ചെറിയ സംഖ്യകൾ കൂട്ടിച്ചേർക്കാനും കുറയ്ക്കാനും പരിശീലനം നൽകുന്നു. കടകളിലെ സാധനങ്ങളുടെ വില ദൂരം തുടങ്ങിയ നിത്യ ജീവിത സാഹചര്യങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പഠിക്കുന്നു.<br>• 51 മുതൽ 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കാനും വായിക്കാനും എഴുതാനും കൂടുതൽ പരിശീലനം നൽകുന്നു. | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുവായ പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ട് പരിഹാരം കണ്ടെത്തുന്നു. നോട്ടുകളും നാണയങ്ങളും നിത്യ ജീവിതത്തിൽ ഇവയുടെ ആവശ്യകത ബോധ്യപ്പെടുന്നു. 100 രൂപ ചില്ലറയാക്കുന്നു. എത്ര പണത്തിന്റെ | <u>ഗണിതം ദൈനംദിന ജീവിതത്തിൽ</u><br>ലഘുവായ വാചക ഗണിത പ്രശ്നങ്ങൾ (വാക്കുകളിൽ ഉള്ള കണക്കുകൾ) നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. വിവിധതരം നോട്ടുകളും നാണയങ്ങളും (കളിപ്പണമായി) പരിചയപ്പെടുത്തുന്നു. | സെപ്തംബർ | ക്ലാസ് ടീച്ചർ പി.ടി.എ | |

| | | | | |
|---|---|---|---|---|
| നോട്ടുകൾ വേണ്ടിവരും എന്ന് കണ്ടെത്തുന്നു. | കടയിലെ സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും അഭിനയിക്കാൻ അവസരം നൽകുന്നു. 100 രൂപയുടെ നോട്ട് നൽകി 10 രൂപയുടെ എത്ര നോട്ടുകൾ വേണമെന്ന് കണ്ടെത്തു ന്നത് പോലുള്ള ചില്ലറയാക്കൽ പ്രവർത്തനങ്ങൾ കളിപ്പാട്ടം ഉപയോഗിച്ച് ചെയ്യുന്നു. | | | |
| 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുക തുക 200 താഴെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുത്തുന്നതുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു | **സങ്കലനം: എളുപ്പവഴികൾ**<br>രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യാൻ പരിശീലിപ്പിക്കുന്നു. (ഉദാ:- 25+30, 40+15) സംഖ്യാ കാർഡുകൾ, മണികൾ എന്നിവ ഉപയോഗിച്ച് കൂട്ടിച്ചേർക്കൽ പരിശീലനം നൽകുന്നു. നിത്യ ജീവിതത്തിലെ സങ്കലന പ്രശ്നങ്ങൾ നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| • ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതശയങ്ങൾ ഉറപ്പിക്കൽ | **ഗണിതം- ഗണിതകിറ്റിലൂടെ**<br>• ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.<br>• വില വിവര പട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരു കട സ്കൂളിൽ ഒരു കട<br>• ഗണിതശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു . | നവംബർ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| • സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് | <u>**സംഖ്യാബോധം ഉറപ്പിക്കാൻ വിവിധ മാർഗങ്ങൾ**</u><br>• സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>• സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ).<br>• രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ഡിസംബർ | ക്ലാസ് ടീച്ചർ<br><br>സി.പി.ടി.എ | |
| വിലവിവര പട്ടികകൾ തയ്യാറാക്കു കയും അതിലെ വിവരങ്ങൾ ക്രോഡീകരിക്കുകയും, പട്ടികയിൽ നിന്ന് ആവശ്യമായ വിവരങ്ങൾ കണ്ടെത്തി സങ്കലന വ്യവകലന ക്രിയകൾ ഉപയോഗിച്ച് ദൈനംദിന ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് കണ്ടെത്തുന്നു. | **പട്ടികയും കണക്കും: പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം**<br>വിലവിവര പട്ടിക തയ്യാറാക്കൽ, വിവരം ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർദ്ധാരണം ചെയ്ത തുക കണ്ടെത്തൽ രീതികൾ.<br>• സങ്കലന വ്യവകലന ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>• അളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജനുവരി | ക്ലാസ് ടീച്ചർ എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| കലണ്ടറിലെ സംഖ്യാ ബന്ധങ്ങളും പാറ്റേണുകളും തിരിച്ചറിഞ്ഞ്, ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ പ്രാപ്തരാക്കുന്നു. | കലണ്ടറിലൂടെ ഗണിതം:- ബന്ധങ്ങളും പാറ്റേണുകളും<br>• കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ, കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. | ഫെബ്രുവരി | ക്ലാസ് ടീച്ചർ<br><br>സി.പി.ടി.എ | |
| കളികളിലൂടെയും ആലാപനത്തിലൂടെയും ഗണിത പഠനം രസകരവും ഫലപ്രദവുമാക്കുന്നു. | കളച്ചും ചിരിച്ചും ഗണിതം<br>• ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>• ഉല്ലാസ ഗണിത സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ | മാർച്ച് | ക്ലാസ് ടീച്ചർ<br><br>സി.പി.ടി.എ<br>എസ്.<br>ആർ.ജി | |

# പരിസര പഠനം

ആമുഖം

2025 –26 അധ്യയന വർഷത്തിൽ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളുടെയും സമഗ്ര വികസനമാണ് ലക്ഷ്യം വെക്കുന്നത്. എഴുത്ത്, വായനയോടൊപ്പം തന്നെ ക്ലാസ് റൂം പ്രവർത്തനങ്ങൾ പ്രക്രിയാ ബന്ധിതവും ശാസ്ത്ര കൗതുകവും ഉണർത്തുന്നതുമാകണം. മുഴുവൻ കുട്ടികളിലും ശാസ്ത്ര പ്രക്രിയ ശേഷി വികാസം ഉറപ്പുവരുത്തുന്നതായിരിക്കും.

## ലക്ഷ്യങ്ങൾ

- പ്രകൃതി നിരീക്ഷിക്കുന്നതിനും ആസ്വദിക്കുന്നതിനും നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പാഠം പുസ്തകത്തിലെ ആശയങ്ങൾക്ക് അനുയോജ്യമായതും പഠനനേട്ടം ഉറപ്പിക്കാനുതകുന്നതുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

| പ്രവർത്തന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പ്രകൃതി നിരീക്ഷിക്കുന്നതിനും ആസ്വദിക്കുന്നതിനും നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.<br>• പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.<br>• പാഠ പുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായതും പഠന നേട്ടം ഉറപ്പിക്കാനുതകുന്നതുമായ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു | • സി.പി.ടി.എ. ചേരൽ ശുചിത്വ ബോധവൽക്കരണം<br>• പോസ്റ്റർ രചന/ചിത്രം വര<br>• ജൈവ/അജൈവ വസ്തുക്കളെ തരംതിരിക്കൽ<br>• കൂടുതൽ/കുറവ്<br>• ജലത്തിന്റെ ഉപയോഗങ്ങൾ തിരിച്ചറിയൽ<br>• ജലത്തിന്റെ സവിശേഷതകൾ ലഘുപരീക്ഷണങ്ങളിലൂടെ തിരിച്ചറിയുന്നു.<br>• നാടറിയാൻ<br>• പ്രകൃതിയെ അറിയാൻ *<br>• പ്രകൃതി നടത്തം | ജൂൺ<br>ജൂൺ - മാർച്ച്<br>ജൂൺ<br>ജൂലായ് ആഗസ്ത് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ എസ്. ആർ.ജി എച്ച്.എം. | |

| | | | | |
|---|---|---|---|---|
| | • ഫീൽഡ് ട്രിപ്പ് കൃഷിയിടത്തിലേക്ക്<br>• കർഷകരുമായി അഭിമുഖം<br>• വ്യത്യസ്ത പലഹാരങ്ങൾ കാണുന്നതിനും രുചിച്ചറിയുന്നതിനുമുള്ള അവസരം നൽകുന്നു.<br>• പലഹാരമേള<br>• പാചകക്കുറിപ്പ്<br>• പതിപ്പ്<br>• പോഷകാഹാരങ്ങൾ<br>• ഒരാഴ്ചയിലെ ആഹാരങ്ങൾ – കുട്ടിയുടെ പേരിനു നേരെ സ്റ്റാർ ഒട്ടിക്കുന്നു.<br>• വീടു നിർമ്മാണ സാമഗ്രികൾ<br>• വീടു നിർമ്മാണ സ്ഥല സന്ദർശനം (ഫീൽഡ് ട്രിപ്പ്) | ഡിസംബർ ജനുവരി<br><br>ആഗസ്ത് മാർച്ച് | എം.പി.ടി.എ<br>എസ്.ആർ.ജി<br>എച്ച്.എം.<br>എം.പി.ടി.എ.<br>പി.ടി.എ<br>ക്ലാസ് ടീച്ചർ | |

# ENGLISH

## Introduction:

As a Fundamental subject, English Plays a Crucial role in shaping young, minds and Fostering effective communication skills. This lesson plan aims to engay class 2 students in Interactive and Fun-filled activities, enhancing their reading, writing and king abilities.

## Objectives:-

- Develop reading comprehension skills
- Improve writing skills through creative exercises
- Enhance vocabulary and grammar usage
- Fostee effective communication and team Work
- To speak, read and write English without any any mistakes.

## English Assembly Performance Venues

| Learning Objectives | Activities | The time | Task | Financial analysis |
|---|---|---|---|---|
| Provaiding opportunities For expression in English | one day a Month the children themselves present the entire assembly by program in English. | one day a month | English club class teacher | |
| **English Diary** | | | | |
| To Improve English writing in English | write down your daily experience at home and School in English | one day a week | Class teacher. | |
| **English Bulletin** | | | | |
| Provide opportunities for expression in English. | Every month on any topic in English prepare the bulletin.<br>June -Environment<br>July - moon | Every month | Class teacher. | |

| | | | | |
|---|---|---|---|---|
| | August-Independence day<br>September – Onam<br>October – Gandhiji<br>December-Christmas<br>January-New-year | | | |
| **Reading Card work shop** | | | | |
| Enable children to express themselves in English | Making English cards with the Support of parents | July to March | English club<br>Class<br>Teacher | |
| Develop listening and reading skills<br><br>Enhance speaking and writing abilities | Reading Cards:<br>create engaging reading materials For each unit<br><br>Games: In corporate language based- games to promote Interactive Learning.<br><br>Rhymes: Utilise action songs and rhymes to develop phonological awarness | June to March | Class<br>Teacher | |

| | | | | |
|---|---|---|---|---|
| To develop Listening and reading Skills. | To conduct a workshop with the help of parents From this workshop make reading cards for each unit and other teaching aids.<br><br>Hello English:- Engage Students with interactive English activities-<br>Action Songs:- use music and movement to promote language Learning | June to March | Class teacher | CPTA<br>MPTA |
| To develop students English language skills through engaging activities and Creative speaking and writing expression | Speaking:-<br>Self Introduction:- students Introduce themselves in class and assembly.<br><br>Conversation - Students engage in discussions and conversations | June to March | Class teacher | CPTA |

# ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്ത സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു അക്കാദമിക വർഷത്തിൽ വിവിധ വിഷയങ്ങളിലായി കുട്ടികൾ നേടേണ്ട ശേഷികൾ കൃത്യമായി കൈവരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികളാണ് 2025-26 അക്കാദമിക വർഷത്തെ മൂന്നാം ക്ലാസിന്റെ ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഓരോ വിഷയത്തിലും ക്രിയാത്മകവും വ്യത്യസ്തവുമായ പ്രവർത്തനങ്ങളുടെ സൂക്ഷ്മതല ആസൂത്രണം നടത്തി അവ കൃത്യമായി ഏകോപിപ്പിച്ച് പ്രയോഗതലത്തിൽ കൊണ്ടു വരുന്നതിനാവശ്യമായ സമഗ്രമായ രൂപ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## ഭാഷ

**ആമുഖം**

വായിച്ചു വളരുന്നതിനായി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും എഴുത്തിലും വായനയിലും പ്രാവീണ്യം നേടുക
- വായനാക്കൂട്ടം, എഴുത്തുകൂട്ടം എന്നിവയിലൂടെ മികച്ച വായനാശീലം വളർത്തുക
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് കുട്ടികളെ മികച്ച വായനക്കാരാക്കുക | <u>ക്ലാസ്സ് വായനാക്കൂട്ടം രൂപീകരണം</u><br>വായനയിൽ താൽപര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി വായനാക്കൂട്ടങ്ങൾ രൂപീകരിക്കുന്നു<br><u>വായനാമൂല ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ</u><br>വായനാക്കൂട്ടങ്ങളിലൂടെ ശേഖരിക്കുന്ന പുസ്തകങ്ങൾ ഉപയോഗിച്ച് ക്ലാസ്സിൽ ഒരു ലൈബ്രറി സ്ഥാപിക്കുന്നു.<br><u>വായനോത്സവം സംഘടിപ്പിക്കൽ</u><br>വായനയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വായനോത്സവം സംഘടിപ്പിക്കുന്നു | ജൂൺ to ഒക്ടോബർ<br><br>ജൂൺ to ജൂലായ് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | <u>പത്ര വായന</u><br>ക്ലാസുകളിൽ ദിനപത്ര വായന പ്രോ ത്സാഹിപ്പിക്കും. വിദ്യാർത്ഥികൾ ക്രമമമായി പത്രം വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്യും. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | <u>ക്ലാസ് ബാലസഭ</u><br>ഓരോ ആഴ്ചയിലും ക്ലാസ് തലത്തിൽ ബാലസഭ സംഘടിപ്പിക്കും. ബാലസഭയിൽ വായനയുമായി ബന്ധപ്പെട്ട വിവിധ കലാപരിപാടികൾ അവതരിപ്പിക്കും. | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | <u>വായനാക്കുറിപ്പ് പ്രസിദ്ധീകരണം</u><br>കുട്ടികൾ ഓരോ മാസത്തിലും വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് സ്കൂൾ അസംബ്ലിയിൽ പ്രസിദ്ധീകരിക്കുന്നു. | മാർച്ച് | | |

## ഇംഗ്ലീഷ്

### ആമുഖം

ആഗോളഭാഷയായ ഇംഗ്ലീഷിൽ പരിജ്ഞാനം നേടുക എന്നത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- കുട്ടികളെ സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകൽ | **ഇംഗ്ലീഷ് അസംബ്ലി** ആഴ്ചയിൽ ഒരു ദിവസം ക്ലാസ് അടിസ്ഥാനത്തിൽ നടത്തുന്ന അസംബ്ലിയിൽ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| ഇംഗ്ലീഷ് രചനകൾ മെച്ചപ്പെടുത്തുന്നതിനുള്ള അവസരം ഒരുക്കൽ | **ഇംഗ്ലീഷ് ഡയറി** ഓരോ ദിവസത്തെയും അനുഭവങ്ങൾ ആഴ്ചയിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഡയറിയിൽ ഉൾപ്പെടുത്തുന്നു | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിച്ച് കുട്ടികൾക്ക് ക്ലാസിൽ അവതരിപ്പിക്കാൻ അവസരം | ജൂലായ് | ക്ലാസ്സ് ടീച്ചർ | |

## ഗണിതം

### ആമുഖം

കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താനുതകും വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുകയും , യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെയാണ് ഗണിതപഠനം രസകരമാകുന്നത്. ക്ലാസ് റൂം പ്രവർത്തനങ്ങളെ കണ്ണിചേർത്തുകൊണ്ട് സർഗാത്മക പ്രവർത്തനങ്ങളായും മറ്റ് കളികളിലൂടെയുമാണ് ഗണിതപഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ ജ്യാമീതിയ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നു<br>• തോരണ നിർമ്മാണം<br>• തോണി നിർമ്മാണം | ജൂൺ to ജൂലായ് | ക്ലാസ് ടീച്ചർ | |
| ഓരോ കുട്ടിക്കും കണക്ക് പെട്ടി ഗണിത ശില്പശാല നിർമ്മിക്കേണ്ടത് | • 1മുതൽ 100 വരെ എഴുതിയ ടോക്കൺ, കളിനോട്ടുകൾ<br>• ഓരോ നോട്ടുകലും 10 എണ്ണം വീതം കമ്പുകെട്ടുകൾ,സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് നിർമ്മാണം<br>(ശില്പശാല) | ജൂലായ് ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യ കളുടെ സങ്കലന ക്രിയകൾ പ്രായോഗിക പ്രശ്നങ്ങൾ ഗണിതകേളി കളി കളിലൂടെ അവതരിപ്പിക്കുന്നു<br><br>**ഗണിതകേളി**<br>ആഴ്ചയിൽ ഒരു ദിവസം ക്ലാസിൽ അവതരിപ്പിക്കുന്നു<br><br>**ഗണിത ബാലസഭ**<br>ക്ലാസ് തലത്തിൽ മാസത്തിലൊരിക്കൽ അവതരിപ്പിക്കൽ | | | |

**ആമുഖം**

കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചുമാണ് പരിസരപഠനം കുട്ടികളിൽ സാധ്യമാകേണ്ടത്. നമ്മുടെ പരിസ്ഥിതി സസ്യജാലങ്ങൾ, ജന്തു ജാലങ്ങൾ, വിഭവങ്ങൾ ഇവ നശിച്ചു പോകാതെയും മലിനപ്പെടാതെയും സൂക്ഷിക്കുന്നതിന് നിരന്തരം ശ്രദ്ധിക്കുന്ന ഒരു പരിസര സൗഹൃദ മനോഭാവം കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ നിരീക്ഷണ പാടവം വളർത്തിയെടുക്കാനും തരംതിരിച്ചും അപഗ്രഥിച്ചും നിഗമനത്തിലെത്താനുംപ്രാപ്തരാക്കുക | <u>പ്രകൃതി നടത്തം</u><br>ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് തരംതിരിക്കൽ | ജൂൺ | | |
| മണ്ണിനെ അറിയാനും ജീവജാലങ്ങളെ സംരക്ഷിക്കാനും ശലഭോദ്യാനം ഒരുക്കാനും കുട്ടികളെ പ്രാപ്തരാക്കുക | സ്കൂൾ പരിസരത്ത് വ്യത്യസ്തങ്ങളായ സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് ശലഭോദ്യാനം ഒരുക്കൽ | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര കൗതുകം വളർത്താനുതകും വിധം ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടാനും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കാനും പ്രാപ്തരാക്കുക | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു<br>• കുട്ടികൾ ശാസ്ത്രപരീക്ഷണങ്ങൾ സ്കൂൾ അസംബ്ലിയിൽ ചെയ്യുന്നു<br>• പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു<br>• ശാസ്ത്ര ദിനാചരണം | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025

**നാലാം തരം**

### ആമുഖം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂന്നിയുള്ള പഠനപ്രക്രിയകളാണ് ഇന്ന് നമ്മുടെ ക്ലാസ് മുറികളിൽ നടക്കേണ്ടുന്നത്. നിരന്തരം വികസിച്ചു കൊണ്ടിരിക്കുന്ന അറിവിന്റെ ലോകമാണ് നാമ്മുടെ കുട്ടികളുടെ മുന്നിൽ ഉള്ളത്. ഈ അറിവുകളെ ജീവിതവുമായി ബന്ധപ്പെടുത്തി, പുതിയ അറിവുകൾ സൃഷ്ടിക്കാൻ കുട്ടികൾക്ക് കഴിയണം

'എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും നേടുക'. എന്നു ലക്ഷ്യം മുൻനിർത്തി, വ്യക്തമായ പഠനപ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യതയോടെയും കൂടി വിഭാവനം ചെയ്യുന്ന അക്കാദമിക് മാസ്റ്റർപ്ലാനാണ് നമുക്ക് ആവശ്യം.

ഇത്തരം അക്കാദമിക് മാസ്റ്റർ പ്ലാനുകൾ ലക്ഷ്യം നേടുന്നതിന് നമ്മെ സഹായിക്കുന്ന മാർഗരേഖകളാണ്. നാലാം ക്ലാസിന്റെ ഈ അക്കാദമിക് മാസ്റ്റർപ്ലാൻ അതിലേക്കൊരു വഴികാട്ടിയാകട്ടെ.....

## വിഷയം - ഭാഷ

### ആമുഖം

എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ കഴിവ്, അഭിരുചി, എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കാം.

### ലക്ഷ്യങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ
2. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
3. മികച്ച വായനാശീലം വളർത്തുക
4. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണവുമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
5. വായനാ താൽപര്യം, അഭിനയം എന്നിവ വഴി വ്യക്തിത്വ വികസനമാണ് പ്രധാന ലക്ഷ്യം
6. പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **1. മധുരം മലയാളം** | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ | |
| **2. എന്റെ പിറന്നാൾ പുസ്തകം** | | | | |
| • കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക<br>• മികച്ച വായനശീലം വളർത്തുക | • പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.<br>• എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• ആനുകാലിക വായന<br>• പുസ്തക സംവാദം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| **3. എന്റെ വായനാകുറിപ്പുകൾ** | | | | |
| • എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും, എഴുതുന്നതിനും പ്രാപ്തരാക്കുക. | • വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ, പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേത് ഉപയോഗിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | | | | |
| 4. <u>റീഡേഴ്സ് തീയേറ്റർ</u> | | | | |
| • വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസന വുമാണ് പ്രധാന ലക്ഷ്യം | • കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. സംഭാഷണ ശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപ യോഗിച്ച് അഭിനയം വായന യുടെ അവതരണം നടത്തുന്നു | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| 5. <u>കലക്കൂട്ട്</u> | | | | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | • പ്രദേശവാസികളായ കലാകാര ന്മാരുടെ സേവനം ക്ലാസ്മുറിയി ലേക്ക് കല അവതരണം ഉപകര ണങ്ങൾ പ്രദർശനം | | | |

**വിഷയം - ഇംഗ്ലീഷ്** നാലാംതരം

**ആമുഖം**

ആഗോള ഭാഷയാണ് ആംഗലേയഭാഷ. കുട്ടികൾക്ക് അറിവ് നേടുന്നതിനും ആശയവിനിമയം നടത്തുന്നതിനും തൊഴിൽപരമായി മുന്നേറുന്നതിനും ഇംഗ്ലീഷ് ഭാഷ സഹായിക്കുന്നു. കുട്ടികൾ അവരുടെ ചിന്തകളും ആശയങ്ങളും വ്യക്തമായി പ്രകടിപ്പിക്കാൻ ഇംഗ്ലീഷ് പഠനം അവസരം ഒരുക്കുന്നു. എഴുത്തിലൂടെയും സംസാരത്തിലൂടെയും ലോകത്തോട് സംവദിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യങ്ങൾ**

1. ആത്മവിശ്വാസത്തോടെ ആശയം വിനിമയം ചെയ്യുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷ് വായന, ലേഖനം- എന്നിവ പ്രോത്സാഹിപ്പിക്കുക.
3. സർഗാത്മക രചനകൾ, ആവിഷ്കാരങ്ങൾ എന്നിവയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.
4. ഇംഗ്ലീഷ് ഭാഷാവികസനത്തിനായി സാമൂഹിക മാധ്യമങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗപ്പെടുത്തുക.

ലക്ഷ്യം : ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയ വിനിമയം ചെയ്യുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

| പ്രവർത്തനം - ഇംഗ്ലീഷ് അസംബ്ലി | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|
| വിവിധ സന്ദർഭങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിന് അവസരം ഒരുക്കുന്നു.<br>• ക്ലാസ് റൂം പ്രവർത്തനം, ഇംഗ്ലീഷ് അസംബ്ലി.<br>• പത്രവാർത്താ വായന, ഡയറി വായന | ജൂൺ മുതൽ മാർച്ച് വരെ<br>മാസത്തിൽ 1 തവണ | ക്ലാസ് ടീച്ചർ | |
| ലക്ഷ്യം :- ഇംഗ്ലീഷ് വായന, ലേഖനം എന്നിവ പ്രോത്സാഹിപ്പിക്കുക. | | | |
| പ്രവർത്തനം –- ഇംഗ്ലീഷ് ഡയറി<br>• ക്ലാസ് റൂം പ്രവർത്തന ഭാഗമായി വിവിധ വ്യവഹാര രൂപങ്ങളുടെ രചന<br>• ഇംഗ്ലീഷ് ഡയറി രചന (ആഴ്ചയിൽ 1 ദിവസം) | ജൂൺ മുതൽ മാർച്ച് വരെ<br>ആഴ്ചയിൽ 1 | ക്ലാസ് ടീച്ചർ | |
| ലക്ഷ്യം :- സർഗാത്മക രചനകൾ, ആവിഷ്കാരങ്ങൾ എന്നിവയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക | | | |
| പ്രവർത്തനം :- ഇംഗ്ലീഷ് തീയേറ്റർ<br>• ഇംഗ്ലീഷ് ഫെസ്റ്റ് (സ്കിറ്റ്, ഡ്രാമ, റോൾപ്ലേ)<br>• ഇംഗ്ലീഷ് കോർണർ (വിവിധ പോസ്റ്റർ, രചനകൾ, മാസികകൾ) | മാർച്ച് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | ഇംഗ്ലീഷ് ക്ലബ്ബ് | |
| ലക്ഷ്യം : ഇംഗ്ലീഷ് ഭാഷാ വികാസത്തിനായി സാമൂഹിക മാധ്യമങ്ങൾ, സാങ്കേതിക വിദ്യാകൾ എന്നിവ ഉപയോഗപ്പെടുത്തുക. | | | |

| | | | |
|---|---|---|---|
| പ്രവർത്തനം :- ഇംഗ്ലീഷ് @ 1<br>• സ്കൂൾ ആകാശവാണിയിൽ മാസത്തിൽ 1 തവണ ഇംഗ്ലീഷ് പരിപാടികൾ അവതരണം.<br>• ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി വീഡിയോ, കഥകൾ, റൈംസ് എന്നിവ കാണിക്കൽ<br>• ഇംഗ്ലീഷ് ലാംഗ്വേജ് ഗെയിംസ് - ക്ലാസ്റൂമിൽ അവരണം | മാസത്തിൽ 1<br><br>ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |

<u>വിഷയം ഗണിതം - നാലാം തരം</u>

<u>ആമുഖം</u>

ഗണിതം നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. അറിഞ്ഞോ അറിയാതെയോ നാം ഗണിതത്തെ നിത്യജീവിതത്തിൽ ഉൾപ്പെടുത്തുന്നു. ഉണർന്നെണീക്കുന്നത് മുതൽ നാം ഗണിതത്തെ ആശ്രയിക്കുന്നു. അതിനാൽ നിത്യജീവിതം സുഖപ്രദവും ഫലപ്രദവുമാക്കാൻ നാം പ്രാഥമിക ഗണിത ധാരണകൾ നേടേണ്ടതുണ്ട്. അത് അത്യന്താപേക്ഷിതമാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗണിതശേഷികൾ രസകരമായി കുട്ടികളിൽ എത്തിക്കേണ്ടുന്ന പ്രവർത്തനങ്ങളാണ് ഇവിടെ നൽകുന്നത്.

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കൽ
2. ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ
3. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
4. ഗണിതപഠനം രസകരമാക്കാൻ

## ഗണിതം മധുരം

**ലക്ഷ്യം:-**

ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടാനും, സവിശേഷതകൾ പാറ്റേണുകൾ രൂപീകരിക്കാനും ആസ്വദിക്കാനും അവസരം ഒരുക്കൽ.

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • വരകൾ രൂപങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കെയിൽ ഉപയോഗിച്ച് രൂപങ്ങൾ വരക്കൽ, തിരിച്ചറിയൽ സവിശേഷതകൾ അറിയൽ.<br>• ഈർക്കിൽമീൻ, ഈർക്കിൽ ഉപയോഗിച്ച് മീൻ ഉണ്ടാക്കുന്നു. അതിൽ ജ്യാമിതീയ രൂപങ്ങൾ മാത്രം ഉപയോഗപ്പെടുത്തുന്നു. | | | |

| | | | |
|---|---|---|---|
| • ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രശലഭം ഉണ്ടാക്കൽ നിറം കൊടുക്കൽ.<br>• ജിയോ ബോർഡിൽ രൂപങ്ങൾ ഉണ്ടാക്കൽ<br>• ടാൻഗ്രാം രൂപങ്ങൾ, ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് നിർമ്മിക്കൽ .<br>• ഐസിടി ഉപയോഗിച്ച് രൂപങ്ങൾ വരക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | |

## കളിക്കാം ഗണിക്കാം

ലക്ഷ്യം : ഗണിതപഠനം രസകരമാക്കൽ, ചതുഷ്ക്രിയകൾ ലളിതമാക്കൽ

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • വിവിധ തരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ കൂട്ടിൽ കയറാം. (വളയത്തിൽ)<br>• ഏണിയും പാമ്പും കളി<br>• ഡൈസ് കളി<br>• കച്ചവടക്കളി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

**ഗണിതം - നിത്യജീവിതത്തിൽ**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • നിത്യ ജീവിതത്തിൽ ഗണിതം ഉൾച്ചേർത്ത് സുഗമമാക്കുന്നു.<br>• സമയം, തൂക്കം, അളവ്, ചതുഷ്ക്രിയകൾ ഇവ നിത്യ ജീവിതം തന്നെ മാറ്റി മറിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

**പഠനോപകരണ ശിൽപശാല**

**ലക്ഷ്യം - പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| **കണക്ക്പെട്ടി**<br>• പഠന ഉപകരണങ്ങളുടെ സഹായത്തോടെ ഗണിതപഠനം എളുപ്പമാക്കുന്നു. ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട പഠനോപകരണം ഉണ്ടാക്കി കണക്ക് പെട്ടിയിൽ വെക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>പി.ടി.എ | |

**സംഖ്യകളെ അറിയാം**

**ലക്ഷ്യം :- സംഖ്യാബോധം അഞ്ചക്കം വരെയുള്ളത്.**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • അബാക്കസിൽ സംഖ്യകൾ ക്രമീകരിക്കുന്നു.<br>• വലുത് , ചെറുത് തിരിച്ചറിയുന്നു.<br>• സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു. സംഖ്യാപാറ്റേൺ രൂപകരിക്കുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

**ഗണിതമേള**

**ലക്ഷ്യം :- ഗണിതശേഷികളുടെ പ്രകടനം**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് ക്ലാസിൽ പസിൽ കോർണർ, പ്രശ്നോത്തരി, പാറ്റേൺ, മനക്കണക്ക്, സർഗാത്മക യുക്തി ചിന്ത വളർത്തുന്ന ചോദ്യങ്ങൾ - അതിന്റെ ആസ്വാദനം | വർഷത്തിലൊന്ന് | എച്ച്.എം ക്ലാസ് ടീച്ചർ പി.ടി.എ.ഭാരവാഹികൾ | |

**യൂണിറ്റ് വിലയിരുത്തൽ - യൂണിറ്റ് ടെസ്റ്റ്**

**ലക്ഷ്യം:- ഓരോ യൂണിറ്റിലും കൈവരിക്കേണ്ട പഠന നേട്ടം നേടിയെന്ന് ഉറപ്പാക്കൽ**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യ നിർണയം നടത്തി പരിഹാരബോധനം നടത്തുന്നു | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| | | | |

**ആമുഖം**

ശാസ്ത്ര പഠനത്തിലൂടെ മുഴുവൻ കുട്ടികളെയും ശാസ്ത്രബോധം ഉള്ളവരാക്കി മാറ്റുക എന്നത് ഏറെ പ്രധാനമാണ്. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കാനും സംരക്ഷിക്കാനും പരിസ്ഥിതി സൗഹൃദപരമായ ബോധവും, മാലിന്യനിർമാർജ്ജന ബോധവും കൂടി കുട്ടികളിൽ ശാസ്ത്ര പഠനത്തിലൂടെ ഉണ്ടാകേണ്ടതുണ്ട്. അടിസ്ഥാനശേഷി വികാസത്തോടൊപ്പം ശാസ്ത്രീയ മനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങളും അനിവാര്യമാണ്.

**ലക്ഷ്യങ്ങൾ**

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
- ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം

ലക്ഷ്യം: ശാസ്ത്രീയ പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പ്രകൃതി നടത്തം | | | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | എച്ച്.എം | പി.ടി.എ |
| ഭൂപടമൊരുക്കാം<br>• ഭൂപട വായന, ഭൂപട രചന, സൂചികാ നിർമാണം, കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |
| ലക്ഷ്യം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | | | |
| ശാസ്ത്രോത്സവം<br>• പതിപ്പ്,ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ |

| | | | |
|---|---|---|---|
| **ശാസ്ത്ര മാസിക**<br>ശാസ്ത്ര മാസികകളുടെ നിർമാണം | | എച്ച്.എം.<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ |

ലക്ഷ്യം : ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

| **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|
| • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | എച്ച്.എം.<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | പി.ടി.എ<br>എസ്.എസ്.എ |
| **ലക്ഷ്യം :** ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ | | | |
| ശാസ്ത്രയാത്ര<br>• വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ<br>• ഐ.സി.ടി. വീഡിയോ പ്രദർശനം | ആവശ്യാനുസരണം | എച്ച്.എം<br>എസ്.ആർ.ജി<br>സി.പി.ടി.എ<br>ക്ലാസ് ടീച്ചർ | പി.ടി.എ<br>രക്ഷിതാക്കൾ |